LIBRARY ARCHIVES Kerala Legislative Assembly

ചിറ്റാരി -കണ്ടിവാതുക്കൽ റോഡ് നിർമ്മാണം

31(535) ശ്രീ. ഇ. കെ. വിജയൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചെക്യാട് ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനിയിലേയ്ക്കുള്ള ചിറ്റാരി കണ്ടിവാതുക്കൽ റോഡുനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ചിറ്റാരി - കണ്ടിവാതുക്കൽ റോഡ് രണ്ട് വർഷം മുൻപ് സോളിംഗ് വരെയുള്ള പ്രവൃത്തികൾ നടന്നിരുന്നു. കോൺട്രാക്ടർ പ്രവൃത്തി നിർത്തിവച്ചതിനാൽ തുടർ പ്രവൃത്തികൾ നടന്നിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഈ പ്രവൃത്തി ഉൾപ്പെട്ടിരുന്ന NABARD - RIDF Tranche XX - ന്റെ കാലാവധി 2021 സെപ്തംബർ മാസം 30 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു

വയനാട്ടിലെ കോവിഡ് സമാശ്വാസ പദ്ധതികൾ

32(536) ശ്രീ. ഒ. ആർ. കേളു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി കാലത്ത് വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ സമാശ്വാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് പ്രതിസന്ധി കാലത്ത് ചികിത്സയിലും നിരീക്ഷണത്തിലുമായിരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങളും പച്ചക്കറി ഉൾപ്പെടെയുള്ള കിറ്റുകളും മരുന്നുകളും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽപ്പെട്ട രോഗികൾക്കുള്ള ചികിത്സാ ധനസഹായം, സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള പെൻഷൻ എന്നിവ ഈ കാലയളവിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റൽ, എം.ആർ.എസ്. എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള മെസ്സ് ചാർജ്ജ് തുകയും അതാത് വിദ്യാർത്ഥികൾക്ക് ടി കാലയളവിൽ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും വാഹനസൗകര്യം (ആംബുലൻസുകൾ ഉൾപ്പെടെ) ലഭ്യമാക്കിയിട്ടുണ്ട്. 45, 60 വയസ്സിന് മുകളിലുള്ള പട്ടികവർഗ്ഗക്കാർക്ക് കോവിഡ് പ്രതിരോധ കുത്തിവയ്പ് നൽകുന്നതിനായി പ്രത്യേക വാഹനങ്ങളിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർ എന്നിവർ മുഖേന വാക്സിനേഷൻ കേന്ദ്രങ്ങളിൽ എത്തിച്ച് വരുന്ന കണ്ടെയിന്റ്മെന്റ് സോണുകളിൽ ഉള്ളവർക്കും കിടപ്പു രോഗികൾക്കും ക്വാറന്റൈനിലാകുന്ന പട്ടിക വർഗ്ഗക്കാർക്കും ഭക്ഷ്യകിറ്റുകളും മരുന്നുകളും വിതരണം ചെയ്തുവരുന്നു. കൽപ്പറ്റ ഐ.റ്റി.ഡി.പി. ഓഫീസ് ആസ്ഥാനമായി കോവിഡ് കൺട്രോൾ യൂണിറ്റ് പ്രവർത്തിച്ച് വരുന്നു യഥാസമയം ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കോ-ഓർഡിനേറ്ററെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിഡ് 19 പ്രതിരോധിക്കുന്നതിനായി പോഷകാഹാര ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തുവരുന്നു. വയനാട് ജില്ലയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ കോവിഡ് പടർന്നുപിടിക്കാതിരിക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് 19 വ്യാപനം തടയുന്നതിനും ഇതുസംബന്ധിച്ച അവബോധം നൽകുന്നതിനുമായി, വകുപ്പിന്റെ കീഴിലുള്ള എ.എൻ.എം. സെന്ററുകളിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, എം.ആർ.എസ്. സീനിയർ സൂപ്രണ്ട്, മാനേജർ, ഹോസ്റ്റൽ വാർഡൻ, മറ്റ് ജീവനക്കാർ എന്നിവരടങ്ങിയ പ്രത്യേക ടീമിനെ തയ്യാറാക്കി പ്രസ്തുത ടീം കോളനികളിലൂടെ പര്യടനം നടത്തി ആവശ്യമായ ബോധവത്കരണം നടത്തുകയുണ്ടായി. ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എസ്.ടി. പ്രൊമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേനയും ബോധവത്കരണം നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിൽനിന്നും നൽകിയ നോട്ടീസുകൾ,

LIBRARY ARCHIVES Kerala Legislative Assembly

ബാനറുകൾ, ലഘുരേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ആയതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഗോത്രഭാഷകളിൽ തയ്യാറാക്കിയ അറിയിപ്പുകളും നിർദ്ദേശങ്ങളും പ്രാദേശിക ചാനലുകൾ, സോഷ്യൽ മീഡിയ എന്നിവ വഴിയും ജനങ്ങളിൽ എത്തിക്കുകയുണ്ടായി. മാത്രമല്ല കോവിഡ് രോഗികൾ, നിരീക്ഷണത്തിലിരിക്കുന്നവർ എന്നിവരുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസാധനങ്ങളും വിതരണം നടത്തുകയുണ്ടായി. കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് രണ്ട് ഘട്ടങ്ങളിലായി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് കോവിഡ് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചുവരികയും ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനം തടയുന്നതിനായി കോവിഡ് വ്യാപനം ഉള്ള പട്ടികവർഗ്ഗ കോളനികളിൽ നിന്നുള്ള ആളുകളെ മാറ്റി പാർപ്പിക്കുന്നതിനായി വകുപ്പിന്റെ സ്ഥാപനങ്ങൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രത്യേകം ഡി.സി.സി. തയ്യാറാക്കുകയും ആയതിലേയ്ക്ക് കോളനിയിൽ നിന്നുള്ള ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടിക വർഗ്ഗക്കാർക്ക് വകുപ്പ് മുഖേന മാസ്ക് വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ടൈബൽ ആശുപത്രി നിർമ്മാണം

33(537) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസികളുള്ള രണ്ടാമത്തെ ജില്ല ഏതാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസികളുള്ള രണ്ടാമത്തെ ജില്ല കാസർഗോഡ് ആണ്.

(ബി) ഈ ജില്ലയിൽ ഇവർക്കായി മാത്രം ഒരു ടൈബൽ ആശുപത്രിയില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ നിലവിൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ബേളയിൽ ഒരു ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ജില്ലയിൽ പട്ടികവർഗ്ഗക്കാർക്ക് മാത്രമായി ആശുപത്രി പ്രവർത്തിക്കുന്നില്ല. ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അടുത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽനിന്നും ജില്ലാ താലൂക്ക് ആശുപത്രികളിൽനിന്നും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ട്.